# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ . 226

20.06.2012.ൽ മറുപടിയ്ക്ക്

## ജലവിഭവ വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പി .എ.മാധവൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലവിഭവ വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** ജലസേചന വകുപ്പിൽ ജി.ഒ (ആർ.റ്റി) നം. 582/2012/ജ.വി.വ തീയതി 16/05/12- അനുസരിച്ച് ഇ-പെയ്മെന്റ് നടപ്പിലാക്കികൊണ്ട് ഉത്തരവ് ഇറക്കുകയുണ്ടായി. കരാറുകാരുടെ എല്ലാ വിധ പെയ്മെന്റുകളും ഇനി ബാങ്ക്അക്കൗണ്ട് വഴി നൽകുന്നതാണ്. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസിലും, സബ് ഡിവിഷൻ ഓഫീസിലും പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുണ്ട്. അതുപോലെ തന്നെ കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്കുകളിൽ കോൺട്രാക്ടർ അക്കൗണ്ട് തുറക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.<br><br>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം പി.എച്ച് ഡിവിഷന്റെ കീഴിലുള്ള ഉപഭോക്താക്കൾക്ക് ഈ സൗകര്യം ലഭ്യമാണ്. കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുള്ള ഇ-പെയ്മെന്റ് സംവിധാനത്തിൽ ദർഘാസിന്റെ അപേക്ഷാ ഫീസും നിരതദ്രവ്യവും ഈ സംവിധാനം വഴി അടയ്ക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; | ബി) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** ജലസേചന വകുപ്പിൽ ഇ - പെയ്മെന്റ് കരാറുകാരുടെ തുക അവരവരുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ടി മാത്രമാണ് ഉദ്ദേശിക്കുന്നത്.<br><br>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** പി.എച്ച് ഡിവിഷൻ തിരുവനന്തപുരത്തിന്റെ കീഴിലുള്ള ഉപഭോക്താക്കളായ പൊതുജനങ്ങൾക്ക് അവർക്കു സൗകര്യപ്രദമായ രീതിയിൽ വാട്ടർചാർജ് അടയ്ക്കാൻ സാധിക്കുന്നു. കരാറുകാർക്ക് അപേക്ഷാ ഫീസും നിരതദ്രവ്യവും ഈ സംവിധാനം വഴി കാലതാമസമില്ലാതെ അടയ്ക്കാം. പെൻഷൻ പറ്റിയവർക്ക് ബുദ്ധിമുട്ടില്ലാതെ തന്നെ അവരുടെ പെൻഷൻ കിട്ടുന്നു. |
| സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത്? | സി) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** പുറമെ നിന്നുള്ള ഏജൻസികളുടെ സഹായങ്ങളൊന്നും തന്നെ ഈ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമില്ല.<br><br>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** ബിൽ ഡെസ്ക്, കർണാടക സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ഥാപനമായ, KEONICS, വിവിധ ബാങ്കുകൾ എന്നിവ മുഖേനയാണ് ഈ സംവിധാനം നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ